# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2394** — **18.07.2011 ൽ മറുപടിയ്ക്ക്**

## ജപ്തി നേരിടുന്ന വയനാട്ടിലെ കർഷകരെ സഹായിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |

(എ) വയനാട് ജില്ലയിലെ സഹകരണ സ്ഥാപനങ്ങൾ വഴി കർഷകർക്ക് നൽകിയ കാർഷിക വായ്പയും കാർഷികേതര വായ്പയും എത്രയാണെന്ന് താലൂക്ക് തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(എ) 30.06.2011 ലെ കണക്ക് പ്രകാരം, വയനാട് ജില്ലയിൽ ബാക്കി നിൽപ്പുള്ള കാർഷിക/കാർഷികേതര വായ്പയുടെ വിവരം ചുവടെ ചേർക്കുന്നു

| താലൂക്ക് | കാർഷികം | കാർഷികേതരം | ആകെ |
|---|---|---|---|
| വൈത്തിരി | 166616466 | 892725773 | 1059342239 |
| ബത്തേരി | 187699495 | 995017576 | 1182717071 |
| മാനന്തവാടി | 466986813 | 1019702491 | 1486689304 |
| ആകെ | 821302774 | 2907445840 | 3728748614 |

(ബി) പ്രസ്തുത സഹകരണ സ്ഥാപനങ്ങളിൽ നിന്ന് വായ്പ എടുത്ത് ജപ്തി നേരിടുന്ന കർഷകരെ സഹായിക്കാൻ എന്തൊക്കെ നടപടികളാണ് ഈ സർക്കാർ ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കേരള സർക്കാരിന്റെ 100 ദിവസത്തെ കർമ്മ പരിപാടികളിൽ ഉൾപ്പെടുത്തി സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള സംഘങ്ങളിലെ/ബാങ്കുകളിലെ വായ്പ കുടിശ്ശിക കുറയ്ക്കുന്നതിനും കട ബാദ്ധ്യതയിലായ വായ്പക്കാർക്ക് ആശ്വാസം നൽകുന്നതിനുമായി ജൂലൈ 1 മുതൽ 45 ദിവസത്തേക്ക് ആശ്വാസ് 2011 എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വായ്പാ കുടിശ്ശികക്കാർക്ക് പരമാവധി ആശ്വാസം നൽകുന്നതിന് ഉദ്ദേശിച്ചുള്ള പദ്ധതി കാലയളവിൽ സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവയുമായി ബന്ധപ്പെട്ട വായ്പകളിന്മേലുള്ള എല്ലാ ജപ്തി നടപടികളും നിർത്തി വയ്ക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ വയനാട് ജില്ലയിലും ബാധകമാണ്.

| | | |
|---|---|---|
| (സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം വയനാട് ജില്ലയിലെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്തവർക്ക് കടിശ്ശിക നിവാരണത്തിനു നൽകിയ ഇളവുകൾ/ ആനുകൂല്യങ്ങൾ എത്രയെന്ന് വ്യക്തമാക്കാമോ? | (സി) ഈ സർക്കാർ അധികാരമേറ്റശേഷം വയനാട് ജില്ലയിലെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്തവരിൽ 68 പേർക്കായി 1,82,868/- രൂപ ഇളവ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ